# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3121 — 15.12.2015-ൽ മറുപടിയ്ക്ക്

## മാനാഞ്ചിറ-വെള്ളിമാട് കുന്ന് റോഡ് വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.പ്രദീപ്കുമാർ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് മാനാഞ്ചിറ-വെള്ളിമാട് കുന്ന് റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഭാഗമായി മാനാഞ്ചിറ-വെള്ളിമാട് കുന്ന് റോഡ് നാലുവരിപാതയായി വികസിപ്പിക്കുന്നതിന് 26.02.2014-ലെ ജി.ഒ.(കൈ) നം.23/14/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾക്ക് എത്ര ചെലവാണ് പ്രതീക്ഷിക്കുന്നത് ; | (ബി) മാനാഞ്ചിറ-വെള്ളിമാട് കുന്ന് റോഡ് വികസനത്തിന് 412.38 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. |
| (സി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഇതുവരെ എത്ര തുകയാണ് അനുവദിച്ചത് ; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ; | (സി) ഭൂമി ഏറ്റെടുക്കുന്ന നടപടികൾക്കായി 04.03.2015-ലെ സ.ഉ.(സാധാ) നം.344/2015/പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം 25 കോടി രൂപയും, 26.06.15-ലെ സ.ഉ.(സാധാ) നം.880/2015/പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം 10 കോടി രൂപയും, 01.10.2015-ലെ സ.ഉ.(സാധാ)നം.1503/2015/പൊ.മ.വ. സർക്കാർ ഉത്തരവ് പ്രകാരം 25 കോടി രൂപയും ഈ ആവശ്യത്തിലേക്കായി ഭൂമി വിട്ടുനൽകുന്ന സർക്കാർ സ്ഥാപനങ്ങളുടെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 4 കോടി രൂപയും ഉൾപ്പെടെ 64 കോടി രൂപയാണ് പ്രസ്തുത പദ്ധതിക്കായി ഇതുവരെ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഡി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായാലുടൻ മാനാഞ്ചിറ-വെള്ളിമാട് കുന്ന് റോഡിന്റെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ